സ.ഉ.(കൈ) നം.14/2022/F&CS

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ റേഷൻ കടകൾ മുഖേന അതിജീവനക്കിറ്റ് വിതരണം ചെയ്ത റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ കുടിശ്ശിക അനുവദിക്കണമെന്ന ബഹു.ഹൈക്കോടതി വിധി നടപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്

സ.ഉ.(കൈ) നം.14/2022/F&CS തീയതി,തിരുവനന്തപുരം, 05-08-2022

പരാമർശം:-
1. 30.07.2020-ലെ സ.ഉ.(സാധാ)നം. 211 /2020/ഭ.പൊ.വി.വ
2. 19.02.2021 ലെ സ.ഉ.(സാധാ)നം. 98 /2021/ഭ.പൊ.വി.വ
3. 27.05.2021-ലെ സ.ഉ.(സാധാ)നം 241/2021/ഭ.പൊ.വി.വ
4. WP(C) No.17562/2021, WP(C) No.17739/2021, WP(C) No.18487/2021 & WP(C) No.25197/2021 കേസുകളിൽ 02.02.2022 ലെ ബഹു.ഹൈക്കോടതി വിധി
5. അഡ്വക്കേറ്റ് ജനറലിന്റെ 15.06.2022 ലെ എച്ച്.2- WP(C) No.25197/2021/2022039824 നമ്പർ കത്ത്.
6. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 19.07.2022 ലെ (സി.എസ് )എ 9-സി.സി.എസ്/174/2019 നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ റേഷൻകാർഡ് ഉടമകൾക്കും 2020 ഏപ്രിൽ മുതൽ 2021 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ 13 തവണകളായി റേഷൻ കടകൾ മുഖേന സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം ചെയ്യുകയുണ്ടായി. പരാമർശം (1) ഉത്തരവ് പ്രകാരം കിറ്റ് ഒന്നിന് 7/-രൂപയും പരാമർശം (2) ഉത്തരവ് പ്രകാരം കിറ്റ് ഒന്നിന് 5/- രൂപയുമാണ് കമ്മീഷൻ നിശ്ചയിച്ചിരുന്നത്. 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ ആകെ വിതരണം നടത്തിയ 8448016 കിറ്റുകൾക്ക് പരാമർശം (1) ഉത്തരവ് പ്രകാരം കിറ്റ് ഒന്നിന് 7/- രൂപ നിരക്കിൽ കണക്കാക്കി 5,91,36,112/-രൂപ കമ്മീഷനായി നൽകി. തുടർന്ന് 2020 ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ വിതരണം നടത്തിയ 9378536 എണ്ണം ഓണക്കിറ്റുകൾക്ക് പരാമർശം (2) ഉത്തരവ് പ്രകാരം കിറ്റ് ഒന്നിന് 5/- രൂപ നിരക്കിൽ കണക്കാക്കി 4,68,92,680/ രൂപയും കമ്മീഷൻ അനുവദിച്ച് നൽകിയിരുന്നു.

2. കോവിഡ് മഹാമാരി തുടർന്ന സാഹചര്യത്തിൽ 2020 സെപ്റ്റംബർ മുതൽ 2021 ജൂൺ വരെയും 2021 ആഗസ്റ്റിൽ ഓണത്തോടനുബന്ധിച്ചും അതിജീവനക്കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. ഈ കാലയളവിൽ റേഷൻ കടകൾ മുഖേന വിതരണം നടത്തിയ ഭക്ഷ്യ കിറ്റുകൾക്ക് കമ്മീഷൻ ലഭിച്ചില്ലെന്ന് കാണിച്ച് ബഹു.ഹൈക്കോടതി. മുൻപാകെ റേഷൻ വ്യാപാരികൾ റിട്ട് ഹർജികൾ WP(C) No.17562/2021, WP(C) No.17739/2021, WP(C)

No.18487/2021 & WP(C) No.25197/2021 ഫയൽ ചെയ്യുകയും 02.02.2022ലെ ബഹു.ഹൈക്കോടതി വിധി പ്രകാരം റേഷൻ വ്യാപാരികൾക്ക് പരാമർശം 1, 2 (Ext.P6 & P8 ) ഉത്തരവുകൾ പ്രകാരം കമ്മീഷൻ കുടിശ്ശിക ഉണ്ടെങ്കിൽ രണ്ട് മാസത്തിനകം വിതരണം നടത്തണമെന്ന് ഉത്തരവിടുകയും ചെയ്യു.

3. അതിജീവനക്കിറ്റുകൾ വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ ഇനത്തിൽ തുക നൽകുന്നതിന് സംസ്ഥാന സർക്കാർ മൂന്ന് ഉത്തരവുകളാണ് (പരാമർശം1,2&3) പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുടിശിക എന്തെങ്കിലും നല്കാൻ ബാക്കിയുണ്ടെങ്കിൽ ആയത് വിതരണം നടത്തണമെന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 മെയ് മാസത്തിൽ വിതരണം ചെയ്ത കിറ്റുകൾക്ക് പരാമർശം (3) ഉത്തരവു പ്രകാരം 4.25 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും പ്രസ്തുത തുക കൈമാറിയിരുന്നില്ല.

4. റേഷൻ വ്യാപാരികൾ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്ത പശ്ചാത്തലത്തിൽ, സർക്കാരിന്റെ അപേക്ഷ പ്രകാരം കോടതിവിധി നടപ്പാക്കുന്നതിനുള്ള സമയം പരാമർശം (5) പ്രകാരം ബഹു.ഹൈക്കോടതി ദീർഘിപ്പിച്ചു നൽകിയിരുന്നു. തുടർന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ ലഭ്യമാക്കിയ പരാമർശം (6) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ, 2021 മെയ് മാസത്തിൽ വിതരണം നടത്തിയ 8529179 കിറ്റുകൾക്ക് പരാമർശം (3) ഉത്തരവ് പ്രകാരം ഒരു കിറ്റിന് 5/-രൂപ നിരക്കിൽ കണക്കാക്കിയപ്പോൾ 4,26,45,895/- രൂപ കമ്മീഷൻ ഇനത്തിൽ നൽകാനുള്ളതായി കണ്ടെത്തിയിരുന്നു.

5. മേൽ സാഹചര്യത്തിൽ, 2021 മെയ് മാസത്തിൽ റേഷൻ കടകൾ മുഖേന വിതരണം നടത്തിയ 8529179 സൗജന്യ ഭക്ഷ്യകിറ്റുകൾക്ക് കമ്മീഷൻ ഇനത്തിൽ ഒരു കിറ്റിന് 5/-രൂപ നിരക്കിൽ 4,26,45,895/-രൂപ (നാലുകോടി ഇരുപത്തിയാറുലക്ഷത്തി നാല്പത്തയ്യായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയഞ്ചു രൂപ മാത്രം) '2408-01-101-94-(02)-33-ARD commission NP' എന്ന ശീർഷകത്തിൽ നിന്നും വിതരണം ചെയ്യുന്നതിനു പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർക്ക് അനുമതി നൽകിക്കൊണ്ടു, ബഹു.ഹൈക്കോടതി വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി എം അലി അസ്ഗർ പാഷ ഐ എ എസ്
സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)
2) പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
3) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)
5) പൊതുഭരണ (എസ്.സി) വകുപ്പ് (03.08.2022 ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പിലെ ഇനം നം. 969)
6. ധനകാര്യ വകുപ്പ് (ഇ 1680940 അഗ്രി-സി2/6/2021-ധന)
7. വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

Signed by Lizy Susan John
Date: 06-08-2022 10:58:44
സെക്ഷൻ ഓഫീസർ

പകർപ്പ്-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസിന്

ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

FOOD CIVIL SUPPLIES & CONSUMER AFFAIRS DEPT.
0 AUG 2022
SECRETARIAT, TRIVANDRUM

<u>രഹസ്യം</u>

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-08-2022

ഫയൽ നം. ഡി1/52/2022/ഭ.പൊ.വി.വ. ഇനം നം: 969

വിഷയം : ഭക്ഷ്യ-പൊതുവിതരണ വകുപ്പ് - അതിജീവന കിറ്റുകൾ വിതരണം നടത്തിയ ഇനത്തിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ കുടിശ്ശിക വിതരണം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്.

4/8/22

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നം. | ഡി1/52/2022/ഭ.പൊ.വി.വ |
| 2. | വകുപ്പ് | ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ് |
| 3. | വിഷയം | അതിജീവന കിറ്റുകൾ വിതരണം നടത്തിയ ഇനത്തിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ വിതരണം |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 08/06/2022 |
| 5. | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധന വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ;<br>ഉണ്ട്; ഉൾക്കൊളളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് ,നിയമ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ.അബ്ദുൾ മജീദ് കക്കോട്ടിൽ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ.പി.എം അലി അസ്ഗർ പാഷാ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 01.08.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.08.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ. ജി ആർ അനിൽ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02.08.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 02.08.2022 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | 03.08.2022 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | സ.ഉ.(കൈ ) നം. 14/ 2022/ഭപൊവിവ |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

റേഷൻ കടകളിലൂടെ ഭക്ഷ്യ കിറ്റുകൾ വിതരണം നടത്തിയ ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ കുടിശ്ശിക നൽകുന്ന വിഷയം സംബന്ധിച്ച കുറിപ്പാണിത് .

2.കോവിഡ് മഹാമാരിയുടെ കാലത്ത് 2020 ഏപ്രിൽ മുതൽ 2021 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ 13 തവണകളായി എല്ലാ കാർഡ് ഉടമകൾക്കും സർക്കാർ സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം ചെയ്യുകയുണ്ടായി.റേഷൻ കടകളിലൂടെ ഭക്ഷ്യ കിറ്റുകൾ വിതരണം നടത്തിയ ഇനത്തിൽ കമ്മീഷൻ ലഭിക്കുന്നില്ലെന്ന് കാണിച്ച് ബഹു.ഹൈക്കോടതി മുൻപാകെ റേഷൻ വ്യാപാരികൾ റിട്ട് ഹർജികൾ WP© No.17562/2021& Connected cases ഫയൽ ചെയ്തിരുന്നു. WP© No.17562/2021& Connected cases ലെ 02.02.2022 ലെ വിധി പ്രകാരം റേഷൻ വ്യാപാരികൾക്ക് GO(Rt) No.211/2020/FCSD dated 30.07.2020(Ext.P6) പ്രകാരവും GO(Rt) No.98/2021/FCSD dated 19.02.2021(Ext.P8) പ്രകാരവും കമീഷൻ കുടിശ്ശിക ഉണ്ടെങ്കിൽ രണ്ട് മാസത്തിനകം വിതരണം നടത്തണമെന്ന് ഉത്തരവിട്ടിരുന്നു. Exhibit P6 GO(Rt) No.211/2020/FCSD dated 30.07.2020 പ്രകാരം കമ്മീഷൻ കിറ്റ് ഒന്നിന് 7/-രൂപയും Exhibit P8 GO(Rt) No.98/2021/FCSD dated 19.02.2021 പ്രകാരം കിറ്റ് ഒന്നിന് 5/-രൂപയുമാണ് കമ്മീഷൻ നിശ്ചയിച്ചിരുന്നത് .

3. 2020 ഏപ്രിൽ മെയ് മാസങ്ങളിൽ ആകെ വിതരണം നടത്തിയ 8448016 കിറ്റുകൾക്ക് കിറ്റ് ഒന്നിന് 7/- രൂപ നിരക്കിൽ കണക്കാക്കി 5,91,36,112/-രൂപ കമ്മീഷനായി നൽകി. 2020 ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ വിതരണം നടത്തിയ 9378536 എണ്ണം കിറ്റുകൾക്ക് കിറ്റ് ഒന്നിന് 5/- രൂപ നിരക്കിൽ കണക്കാക്കി 4,68,92,680/ രൂപ അനുവദിച്ച് നൽകിയിരുന്നു. 27.05.2021 ലെ സ. ഉ.(സാധാ) നം . 241/2021/F&CSD പ്രകാരം 2021 മെയ് മാസത്തിൽ വിതരണം ചെയ്ത കിറ്റുകൾക്ക് 4.25 കോടി രൂപ കമ്മീഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും തുക കൈമാറിയിരുന്നില്ല.

4. ടി വിധിന്യായത്തിന്മേൽ അപ്പീൽ സാധ്യത സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം താഴെ പറയും പ്രകാരമാണ് ;

The judgment of Hon'ble High Court is sound,reasonable and speaking and there is no scope for successful appeal against the judgment of Hon'ble

High Court of Kerala in WP© No.17562/2021& Connected cases dated 02.02.2022.

5. തുടർന്ന് ടി വിധി നടപ്പാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സീനിയർ ഗവണ്മെന്റ് പ്ലീഡർ താഴെ പറയും പ്രകാരം നിയമോപദേശം ലഭ്യമാക്കി.

"..........the Government has to release the commission to the ARDs at the rate mentioned in Exhibit P6 and P8 for the month of August and September,if they are eligible".

6. ഇതിനിടെ റേഷൻ വ്യാപാരികൾ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തതിനെ തുടർന്ന് കോടതിവിധി നടപ്പാക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകണമെന്ന ഹർജി സർക്കാർ നൽകുകയും അതിൻപ്രകാരം സമയപരിധി 07.08.2022 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

7.തുടർന്ന് ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ഉത്തരവിനായി സമർപ്പിച്ചപ്പോൾ "കുടിശ്ശിക നൽകാനുള്ള ബഹു.കോടതിയുടെ നിർദ്ദേശത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയ ശേഷം സമർപ്പിയ്ക്കുവാൻ "നിർദ്ദേശിച്ചു . അതനുസരിച്ച് ഫയൽ ധന വകുപ്പിന് കൈമാറിയപ്പോൾ പ്രസ്തുത വകുപ്പിന്റെ അഭിപ്രായം താഴെ പറയും പ്രകാരമായിരുന്നു.

"അഡ്വക്കറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ വെളിച്ചത്തിൽ കോടതി ഉത്തരവ് പാലിയ്ക്കുന്നതിന് വേണ്ടി വരുന്ന തുക കണക്കാക്കി ഫയൽ അടിയന്തരമായി സമർപ്പിയ്ക്കാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു".

8.തുടർന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതിവിധി പാലിയ്ക്കുന്നതിനായി വേണ്ടി വരുന്ന തുക കണക്കാക്കി ഫയൽ വീണ്ടും ധനവകുപ്പിന് സമർപ്പിച്ചപ്പോൾ പ്രസ്തുത വകുപ്പിന്റെ അഭിപ്രായം താഴെ പറയും പ്രകാരമായിരുന്നു;

"കോവിഡിന്റെ പശ്ചാത്തലത്തിൽ റേഷൻ കടകൾ വഴി കിറ്റുകൾ വിതരണം നടത്തിയ ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ അനുവദിയ്ക്കേണ്ട എന്നാണ് ധനവകുപ്പ് എടുത്ത നിലപാടെന്നും എന്നാൽ റേഷൻ വ്യാപാരികൾക്ക് അനുകൂലമായി കോടതിവിധി വരികയും വിധി നടപ്പാക്കുന്നതിനുള്ള സമയ പരിധി അവസാനിയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ റേഷൻ വ്യാപാരികൾ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിലും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുക

കുടിശ്ശികയായിട്ടുള്ള പക്ഷം 2408-01-101-94-(02)-33 ARD commission NP എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് എത്രയും വേഗം കോടതി വിധി നടപ്പാക്കണമെന്നു നിർദ്ദേശിയ്ക്കുന്നു. ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിയ്ക്കുന്നതിനും നിർദ്ദേശിയ്ക്കുന്നു.ഇതിന് ബഹു. മുഖ്യമന്ത്രിയുടെയും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെയും അംഗീകാരമുണ്ട് "

9. കോടതി വിധി പ്രകാരം കുടിശ്ശിക കണക്കാക്കേണ്ട കാലയളവ് ഏതെന്ന വിഷയത്തിൽ വ്യക്തതയ്ക്കായി ഫയൽ വീണ്ടും നിയമ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിച്ചപ്പോൾ നിയമ വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം താഴെപറയും പ്രകാരമായിരുന്നു;

"the enhancement of the rate from Rs.5/- to Rs.7/- does not apply in the case of Onam kits. On the other hand, Respondents are liable to effect payments as per the enhanced rate of Rs.7/- towards Covid kits. Payment towards the distribution of Covid free food kit confined to the period of August and September 2020 would be against the spirit of the judgment of Hon'ble High Court in WP(C)No.17562/2021.The respondents are liable to effect payments towards Covid free food kit for the entire period of distribution".

10. തുടർന്ന് ഉത്തരവിനായി ഫയൽ ബഹു.ഭക്ഷ്യപൊതുവിതരണവകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ബഹു.ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രി നൽകിയ ഉത്തരവ് താഴെ പറയും പ്രകാരമായിരുന്നു;

"സമാശ്വാസ കിറ്റുകൾ വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ ഇനത്തിൽ തുക നൽകുന്നതിന് സംസ്ഥാന സർക്കാർ മൂന്ന് ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

1. 30.07.2020-ലെ സർക്കാർ ഉത്തരവ് നമ്പർ 211/2020.
2. 19.02.2021-ലെ സർക്കാർ ഉത്തരവ് നമ്പർ 8/2021.
3. 27.05.2021-ലെ സർക്കാർ ഉത്തരവ് നമ്പർ 241/2021.

സർക്കാർ ഉത്തരവ് 1,2 പ്രകാരമുള്ള തുകകൾ റേഷൻ വ്യാപാരികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് 3 പ്രകാരമുള്ള തുക നൽകിയിട്ടില്ല. അതിജീവന കിറ്റുകൾ വിതരണം നടത്തിയ വകയിൽ റേഷൻ വ്യാപാരികൾക്ക് പ്രത്യേകമായി തുക ഒന്നും നൽകേണ്ടതില്ലെന്നും,കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സർക്കാർ സൗജന്യമായി നൽകിയ അതിജീവന കിറ്റുകൾ വിതരണം ചെയ്യുന്നത് ഒരു സേവനമായി കാണണം എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എന്നിരുന്നാലും, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുടിശിക

എന്തെങ്കിലും നല്കാൻ ബാക്കിയുണ്ടെങ്കിൽ ആയത് പരിശോധിക്കണമെന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാന ത്തിൽ, 2021 മെയ് മാസത്തിൽ വിതരണം ചെയ്ത കിറ്റുകൾക്ക് കമ്മീഷൻ നൽകാമെന്ന വ്യവസ്ഥയിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരമുള്ള തുക നല്കാൻ തീരുമാനിച്ചത്. പ്രസ്തുത തുക നൽകി കോടതി ഉത്തരവ് നടപ്പിലാക്കുന്നതിനായി മന്ത്രിസഭായോഗത്തിന്റെ പരിഗണനക്കുള്ള കുറിപ്പ് തയ്യാറാക്കി സമർപ്പിയ്ക്കുക."

11.ഇക്കാര്യം പരിശോധിച്ചതിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 2021 മെയ് മാസത്തിൽ വിതരണം നടത്തിയ കിറ്റുകളുടെ എണ്ണം 8529179 ആണ്. 27.05.2021-ലെ സ.ഉ.(സാധാ) നം.241/2021/F&CSD പ്രകാരം ഒരു കിറ്റിന് 5/-രൂപ നിരക്കിൽ കണക്കാക്കുമ്പോൾ 4,26,45,895/- രൂപ കമ്മീഷനായി നൽകേണ്ടതുണ്ട് .

## തീരുമാനിയ്ക്കേണ്ട വിഷയം

27.05.2021-ലെ സർക്കാർ ഉത്തരവ് നമ്പർ.241/2021/F&CSD പ്രകാരം 2021 മെയ് മാസം റേഷൻ കടകൾ വഴി 8529179 കിറ്റുകൾ വിതരണം നടത്തിയ ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ ഒരു കിറ്റിന് 5/-രൂപ നിരക്കിൽ 4,26,45,895/- രൂപ 2408-01-101-94-(02) -33-ARD commission NP എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകിക്കൊണ്ട് ബഹു.ഹൈക്കോടതി വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിയ്ക്കാമോ ?

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | |
|---|---|---|
| 1. | File No. | D1/52/2022/F&CSD |
| 2. | Department | Food and Civil Supplies (D) Department. |
| 3. | Subject | Payment of Commission dues to Authorized Ration Dealers for the distribution of food kits |
| 4. | Date of Chief Minister's order for placing before the Council | 08/06/2022 |
| 5 | i) Does the case involve financial commitments/implications<br>ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | Yes.<br>Yes; incorporated. |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | Yes, Opinion of Law Department incorporated |
| 7. | Name of Additional Secretary who submitted the Draft Note | Sri.Abdul Majeed Kakkotil |
| 8. | Name of Secretary who approved the Draft Note | Sri. P.M Ali Asgar Pasha |
| 9. | Date of approval of the Draft Note for the Council by the Secretary | 01.08.2022 |
| 10. | Name of Chief Secretary who approved the Draft Note | Dr.V P Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 02.08.2022 |
| 12. | Name of Minister who approved the Draft Note | Adv. G R Anil |
| 13. | Date of approval of the Draft Note for the Council by the Minister | 02.08.2022 |
| 14. | Date of submission of fair copies | 02.08.2022 |
| 15. | Date of decision by the Council of Ministers | 03.08.2022 |
| 16. | Number and date of the G.O./Letter communicating the decision. | GO(MS) NO. 14/2022/FCSD dtd 05.08.2022 |

## Note for Cabinet meeting

This note is regarding the payment of arrears of commission to Authorized Ration Dealers for the free food kits distributed through the ration shops.

2) During covid pandemic situation, Govt distributed free food kits to all ration card holders, 13 times from April 2020 to August 2021. The ARDs had filed writ petitions (WP© No.17562/2021& Connected cases) before the Hon'ble High Court stating that they were not being paid the commission for the food kits distributed through the ration shops. Hon'ble court has ordered in the judgment dt 2-2-2022 in WP© No.17562/2021& Connected cases, that arrears of commission if any, as per G.O(Rt) No.211/2020/F&CSD dated 30.07.2020(Ext.P6) and as per G.O(Rt) No.98/2021/F&CSD dated 19.02.2021 (Ext.P8) should be disbursed within two months. As per Ext.P6 (G.O(Rt)No.211/2020/F&CSD dated 30.07.2020) the rate of commission was fixed at Rs.7/- per kit and as per Ext.P8 (G.O(Rt) No.98/2021/F&CSD dated 19.02.2021) at Rs.5/- per kit.

3) Rs.5,91,36,112/- has been paid as commission at Rs.7/- per kit for 8448016 kits distributed during April-May 2020. Rs.4,68,92,680/- has been paid as commission at Rs.5/- per kit for 9378536 kits distributed during August-September 2020. Though Rs.4.25Cr was sanctioned as per G.O. (Rt).241/2021/F&CSD dt 27-05-2021, as commission for the kits distributed during May 2021,the amount was not disbursed.

4) The opinion of the Law Department was sought on the scope of appeal against the judgment, that Department has remarked as follows;

"The judgment of Hon'ble High Court is sound,reasonable and speaking and there is no scope for successful appeal against the judgment of Hon'ble High Court of Kerala in WP© No.17562/2021& Connected cases dated 02.02.2022".

5) Subsequently, the Senior Government Pleader in the Advocate General's Office furnished legal opinion regarding the compliance of the judgment as follows;

"...........the Government has to release the commission to the ARDs at the rate mentioned in Exhibit P6(Rs.7 per kit) and P8(Rs.5 per kit) for the month of August and September,if they are eligible".

6) Meanwhile the ration dealers had filed a contempt of court case and as per the petition filed by the government before the Hon'ble High Court to extend the time for the compliance of the court order and the time was extended till 07.08.2022.

7) When the file was circulated to the Hon'ble Chief Minister it was ordered to "submit after seeking the opinion of the Finance Department on the direction of the Hon'ble Court to pay the arrears". Accordingly when the file was forwarded to the Finance Department, that department has opined as follows;

"അഡ്വക്കറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ വെളിച്ചത്തിൽ കോടതി ഉത്തരവ് പാലിയ്ക്കുന്നതിന് വേണ്ടി വരുന്ന തുക കണക്കാക്കി ഫയൽ അടിയന്തരമായി സമർപ്പിയ്ക്കാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു".

8) Then based on the report made available by the Commissioner for Civil Supplies and Consumer Affairs, the amount required to comply with the court order was calculated and the file was again forwarded to the Finance Department and that Department's opinion was as follows;

"കോവിഡിന്റെ പശ്ചാത്തലത്തിൽ റേഷൻ കടകൾ വഴി കിറ്റുകൾ വിതരണം നടത്തിയ ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ അനുവദിയ്ക്കേണ്ട എന്നാണ് ധനവകുപ്പ് എടുത്ത നിലപാടെന്നും എന്നാൽ റേഷൻ വ്യാപാരികൾക്ക് അനുകൂലമായി കോടതിവിധി വരികയും വിധി നടപ്പാക്കുന്നതിനുള്ള സമയ പരിധി അവസാനിയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ റേഷൻ വ്യാപാരികൾ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിലും, നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുക കുടിശ്ശികയായിട്ടുള്ള പക്ഷം 2408-01-101-94-(02)-33-ARD Commission NP

..ന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് എത്രയും വേഗം കോടതി വിധി നടപ്പാക്കണമെന്നു നിർദ്ദേശിയ്ക്കുന്നു.ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിയ്ക്കുന്നതിനും നിർദ്ദേശിയ്ക്കുന്നു.ഇതിന് ബഹു. മുഖ്യമന്ത്രിയുടെയും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെയും അംഗീകാരമുണ്ട് "

9) The file was again forwarded to the Secretary, Law Department for clarification on the period for which the arrears to be calculated as per the court order, the Law Secretary opined as follows:

"the enhancement of the rate from Rs.5/- to Rs.7/- does not apply in the case of Onam kits. On the other hand, Respondents are liable to effect payments as per the enhanced rate of Rs.7/- towards Covid kits. Payment towards the distribution of Covid free food kit confined to the period of August and September 2020 would be against the spirit of the judgment of Hon'ble High Court in WP(C)No.17562/2021.The respondents are liable to effect payments towards Covid free food kit for the entire period of distribution".

10) When the file was submitted to the Hon'ble Minister of Food and Civil supplies the order was as follows;

"സമാശ്വാസ കിറ്റുകൾ വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ ഇനത്തിൽ തുക നൽകുന്നതിന് സംസ്ഥാന സർക്കാർ മൂന്ന് ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

1. 30.07.2020-ലെ സർക്കാർ ഉത്തരവ് നമ്പർ 211/2020.
2. 19.02.2021-ലെ സർക്കാർ ഉത്തരവ് നമ്പർ 8/2021.
3. 27.05.2021-ലെ സർക്കാർ ഉത്തരവ് നമ്പർ 241/2021.

സർക്കാർ ഉത്തരവ് 1,2 പ്രകാരമുള്ള തുകകൾ റേഷൻ വ്യാപാരികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് 3 പ്രകാരമുള്ള തുക നൽകിയിട്ടില്ല. അതിജീവന കിറ്റുകൾ വിതരണം നടത്തിയ വകയിൽ റേഷൻ വ്യാപാരികൾക്ക് പ്രത്യേകമായി തുക ഒന്നും നൽകേണ്ടതില്ലെന്നും,കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സർക്കാർ സൗജന്യമായി നൽകിയ അതിജീവന കിറ്റുകൾ വിതരണം ചെയ്യുന്നത് ഒരു സേവനമായി കാണണം

എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എന്നിരുന്നാലും, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുടിശിക എന്തെങ്കിലും നല്കാൻ ബാക്കിയുണ്ടെങ്കിൽ ആയത് പരിശോധിക്കണമെന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, 2021 മെയ് മാസത്തിൽ വിതരണം ചെയ്ത കിറ്റുകൾക്ക് കമ്മീഷൻ നൽകാമെന്ന വ്യവസ്ഥയിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരമുള്ള തുക നല്കാൻ തീരുമാനിച്ചത്. പ്രസ്തുത തുക നൽകി കോടതി ഉത്തരവ് നടപ്പിലാക്കുന്നതിനായി മന്ത്രിസഭായോഗത്തിന്റെ പരിഗണനക്കുള്ള കുറിപ്പ് തയ്യാറാക്കി സമർപ്പിയ്ക്കുക."

11. On examining the matter, as per the report of the Commissioner of Civil Supplies and Consumer Affairs, the number of kits distributed during May 2021,vide G.O.(Rt)No.241/2021/F&CSD dated 27.05.2021 is 8529179 and an amount of Rs.4,26,45,895/- has to be paid as arrears, if calculated at Rs.5/- per kit.

## Point For Decision

Whether order be issued sanctioning an amount of Rs.4,26,45,895/- under the Head of Account '2408-01-101- 94-(02) -33 ARD Commission (NP)' towards the arrears of Commission at Rs.5/- per kit for 8529179 kits distributed during May 2021, vide G.O.(Rt)No.241/2021/F&CSD dated 27.05.2021 through ARDs,in compliance of the judgment of the Hon'ble High Court ?